
# സ്പന്ദനം

## ഡിജിറ്റിൽ മാസിക

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION




# കെ.വി.സംസ്കൃത ഹയർ സെക്കൻഡറി സ്ക്കൂൾ , മുതുകുളം



## ആശംസ

*എനിക്കു പറക്കാൻ ഉയരങ്ങൾ പോരാ ;*
*ഇനിയുംഎന്റെ വാലിലെ*
*നൂലിന്റെ കെട്ടു പൊട്ടിച്ചു വിട്ടാൽ ഉയരങ്ങൾ താണ്ടും*
*.ഈ ചിന്തയിൽ പറക്കുന്ന     പട്ടത്തെപ്പോലെ(KTTE)ഇന്നും*

*ലിറ്റികൈറ്റസ് കൂട്ടുകാർ അറിവിന്റെ ഉറവിടങ്ങൾ തേടി പറക്കുന്നു.ആ പറക്കലിൽ തന്റെ കൈയ്യിൽ സുരക്ഷിതമാക്കിയ നൂൽ അധ്യാപകൻ സൂക്ഷ്മതയോടെ അയച്ചുവിട്ട് മുകളിലേക്ക് എത്തിക്കുന്നു. ഇന്ന് ഈ ലോകത്തെ അറിവിന്റെ ഖനിയായ ക്ലാസ്റൂം ,അറിവ് നേടാനും അത് പങ്കുവെക്കാനും കൂട്ടിച്ചേർക്കാനും കണ്ടെത്താനുള്ള ആരോഗ്യകരമായ മൽസര ഗ്രൗണ്ടും കൂടിയാണ്.   ഈപ്രവർത്തനത്തിന്റെ പൂർണതക്ക് കൂടുതൽ വിവര സാങ്കേതിക ജ്ഞാനം ആവശ്യമാണെല്ലോ! സാങ്കേതിക വിദ്യയുടെ ചുവടുകൾ വെക്കാനുള്ള ഇടം കൂടിയാണ് Little Kites കൂട്ടായ്മ.അവരുടെ ഈ മധുരോപഹാരത്തെ എന്റെ ഹൃദയത്തോട് ചേർത്ത്വെക്കുന്നു.ഇതിൽ പങ്കാളികളായ എന്റെ കുഞ്ഞുങ്ങൾക്ക് അഭിനന്ദനം.* ***ഈ സ്പന്ദനം വലിയ ഊർജ്ജതുടിപ്പുകളായി മാറട്ടെ.***

***മനോജ് ആർ***
***ഹെഡ്മാസ്റ്റർ***



# ആശംസ

എല്ലാറ്റിനെയും കുറിച്ച് കുറച്ചും കുറച്ചുള്ളതിനെക്കുറിച്ച് എല്ലാം അറിയാൻ ആഗ്രഹം പ്രകടിപ്പിക്കുന്നവൻ ആണല്ലോ അദ്ധ്യാപകൻ.ഈ ഹൈടെക് കാലഘട്ട-ത്തിൽ അദ്ധ്യാപകനെക്കുറിച്ചുള്ള ഈ നിർവചനത്തി-ന് വളരെയധികം പ്രാധാന്യം ഉണ്ട്.അദ്ധ്യാപകന്റെ 'അറിവിനെ തേടിയുള്ള അന്വേഷണം' സ്വാഭാവിക-മായും കുട്ടിയിലേക്കും സംക്രമിക്കുന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ പൊതു വിദ്യാലയങ്ങൾ ഉണർവ്വിന്റെ പാതയിലാണ്. നമ്മുടെ "**ലിറ്റിൽ കൈറ്റ്സ് സേന**" യുടെ പ്രവർത്തനങ്ങളും സ്കൂളിനെ ഉയരങ്ങളിലേക്ക് എത്തിച്ചിരിക്കുന്നു.


ഈ അവസരത്തിൽ,സംസ്കൃതം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടുകാരുടെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട **സ്പന്ദനം** എന്ന പേരോടുകൂടിയ ഈ ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**ദേവാനുജൻ എൻ**
**പി.ടി.എ പ്രസിഡന്റ്**

# എഡിറ്റോറിയൽ

## അറിവിന്റെ തിരിനാളം

**അജ്ഞാനമാകുന്ന അന്ധകാര വീഥിയിലൂടെ നടക്കുമ്പോൾ കുട്ടികളായ ഞങ്ങൾക്ക് അറിവിന്റെയും വിവേകത്തിന്റെയും സുന്ദരമായ പാത കാട്ടിത്തരുന്ന ഞങ്ങളുടെ ഏറ്റവും പ്രിയപ്പെട്ടവരും ആദരണീയരും ആയ അദ്ധ്യാപകർക്ക് ഈ ശിഷ്യരുടെ കൂപ്പുകൈ......**



# ഹേയ് കൂട്ടുകാരാ!!!

ഹേയ് കൂട്ടുകാരാ, നിന്റെ ഒക്കത്തിരുന്ന് ഞങ്ങളും പറക്കുകയാണ്..... ; ആരാണി ഞങ്ങൾ എന്നാവും നീ ചോദിക്കാൻ വരുന്നത്,അല്ലേ.പറയാം ട്ടോ! അതിനു മുൻപ് നീ ഞങ്ങൾക്ക് തന്നകാര്യങ്ങൾ എന്തൊക്കെയെന്ന് പറയട്ടെ.ഞങ്ങളുടെ ക്ലാസ്റൂമിൽ ഇരുന്നുതന്നെ ലോകത്തേ മുഴുവൻ കാണാനുള്ള ടെക്നോളജി നീ തന്നല്ലോ. .നീഞങ്ങൾക്ക്ഒരു ഓമനപേരു തന്നു;ലിറ്റിൽ കൈറ്റ്സ്! എന്തൊക്കെ സമ്മാനങ്ങളാണ് നീ ഞങ്ങൾക്ക് തന്നത്.നിന്നോട് എത്ര നന്ദി പറഞ്ഞാലും അത് അധികമാവില്ലട്ടോ. 25 മൊഡ്യൂൾളുകളായി എത്രമാത്രം കാര്യങ്ങളാണ് നീ ഞങ്ങൾക്ക് തന്നതും തരാൻ പോകുന്നതും. ഗ്രാഫിക്സുംആനിമേഷനും,മലയാളകമ്പ്യൂട്ടിങ്ങ്,ഇന്റർനെറ്റ്, സ്ക്രാച്ച്,മൊബൈൽആപ്പ്,പൈത്തൺ,ഇലക്ട്രോണിക്സ്, റോബോട്ടിക്സ്,ഹാർഡ് വെയർ പരിശിലനം ഇങ്ങനെപോകുന്നു സമ്മാനപ്പട്ടിക.!!!

കൂട്ടുകാരെ,നമ്മുടെ കൂട്ടുകാരനെപ്പറ്റി നമുക്ക് എല്ലാവരോടും പറയണം. ഹേയ് മാലോകരെ, KITE എന്ന ചുരുക്കപ്പേരിൽ ഇവൻ അറിയപ്പെടുന്നു.Kerala Infrastructure and Technology for Education എന്ന പേര് സ്വീകരിച്ചുകൊണ്ട് പോതുവാദ്യാഭ്യാസ സംരക്ഷണയഞ്ജത്തിന്റെ നെട്ടുംതൂണായി ഇവൻ പ്രവർത്തിക്കുന്നു.45000 ക്ളാസ് മുറികൾ ഹൈടക്ക്

*സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട് കേരളത്തിലെ പൊതുവിദ്യാലയങ്ങളെ ലോകനിലവാരത്തിലേക്ക് കൈപിടിച്ചുയർത്താൻ കഠിന പരിശ്രമം നീ നടത്തിക്കൊണ്ടിരിക്കു-ന്നത് എത്ര അഭിമാനകരമായ കാര്യമാണ്.തീർന്നില്ല.അടുത്ത വർഷാരംഭത്തിൽത്തന്നെ ഞങ്ങളുടെ കുഞ്ഞനുജൻമ്മാർക്കും അനുജത്തിമാർക്കും നീ സ്മാർട്ട് റൂമും,മറ്റ് വിഭവങ്ങളും തരാൻ പോകുന്നു അല്ലേ!! ഞങ്ങളെ തോളിലിരുത്തി ആകാശം മുട്ടേ പറന്നു നടക്കുന്ന നിനക്ക് (KITE)ന് ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമത്തിലെ കെ.വി .സംസ്കൃത ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാരുടെ ഒരു ബിഗ് സല്യൂട്ട്.*

*നിന്റെ സ്വപ്ന പദ്ധതിയിലെ ഒന്നായ ഓരോ സ്കൂളിനും ഒരു ഡിജിറ്റൽ മാഗസിൻ എന്നത് ദേ ഞങ്ങളും റെഡി.... **സ്പന്ദനം** എന്ന തലക്കെട്ടോടെ ഞങ്ങളുടെ ഡിജിറ്റൽ മാഗസിൻ നിന്റെ മടിത്തട്ടിലേക്ക് സമർപ്പിക്കുന്നു.*

*-Little Kites STARS*
*K.V.S.H.S.S Muthukulam*

# അതിജീവനത്തിന്റെ

# നാളുകളിലൂടെ......

ഈ കഴിഞ്ഞ ആഗസ്റ്റ് 15 മുതൽ കേരളത്തെ പിടിച്ചുലച്ച , ഞങ്ങൾ കണ്ട ഏറ്റവും വലിയ ദുരന്തം മഹാ പ്രളയം ഇതിനേക്കുറിച്ചുള്ള എന്റെ അഭിപ്രായം പറയട്ടെ...

ഈ പ്രളയം പല നാശനഷ്ടങ്ങളും ഉണ്ടാക്കി .പ്രിയപ്പെട്ടവരെ ഒരിക്കൽക്കൂടി കാണാൻ കഴിയാത്തവിധം നമ്മളിൽ നിന്നും അകറ്റി.ജീവനുതുല്യം സ്നേഹിച്ച നമ്മുടെ സ്വന്തം മൃഗങ്ങളെയും കൊണ്ടപോയി . എന്നാൽ ഈ പ്രളയം തിരികെ കൊണ്ടു വന്ന ഒരു വസ്തുതയുണ്ട് , മലയാളികളുടെ ഐക്യം.പണ്ട് ഏവരുടെയും ഉള്ളിൽ നിലനിന്നിരുന്ന ഞാൻ മലയാളി എന്നുള്ള ആ കനൽ ഇപ്പൊൾ അങ്ങിങ്ങ് മാത്രമേ എരിയുന്നുള്ളൂ എന്ന കരുതിയിരുന്ന ആൾക്കാർക്കെല്ലാം ചുട്ടമറുപടി ഈ പ്രളയം നൽകി . എല്ലാ രാജ്യങ്ങളും ഈ സമയത്ത് കേരളത്തിനെ ഉറ്റുനോക്കി. കേരളത്തിന്റെ ഐക്യം കണ്ട് അത്ഭുതപ്പെട്ടു. അങ്ങനെഈപ്രളയംഒരുവഴിയിൽശാപമായെങ്കിലുംമറ്റൊരു വഴിയിൽ ഒരുമിപ്പിക്കൽകൂടായി .


സുധീഷ്കുമാർ എച്ച്
ക്ളാസ് 10

# അമ്മക്ക് വന്ദനം

ഹരിതത്താൽ ചാലിച്ച് എഴുതിയ മിഴികൾ-
കൊണ്ടതിലോലം സകലതും ദർശിക്കും ഭൂമി
മാരുത നൃത്താൽ ഇളകിമറിയുന്ന,
സസ്യവൃക്ഷാദികളുടെ നാധയാം ഭൂമി
മലകൾക്കും ആഴിക്കും ഇടക്ക് ശയിക്കും
മലയാളമാകിയ കേരള ഭൂമി വന്ദനം വന്ദനം ഒരായിരം വന്ദനം.



# കുഞ്ഞുണ്ണിമാഷ്



**ജീവിതരേഖ**

ഞായപ്പള്ളി ഇല്ലത്തെ നീലകണ്ഠൻ മൂസതിന്റെയും അതിയാരത്തു നാരായണി അമ്മയുടെയും മകനായി 1927 മേയ് 10-ന് കുഞ്ഞുണ്ണിമാഷ് ജനിച്ചു. ചേളാരി ഹൈസ്കൂളിൽ അദ്ധ്യാപകനായി തന്റെ ഔദ്യോഗികജീവിതം ആരംഭിച്ച കുഞ്ഞുണ്ണിമാഷ് തന്റെ ജീവിതത്തിന്റെ സിംഹഭാഗവും കോഴിക്കോട്ടാണ് ചിലവഴിച്ചത്. 1953 ൽ കോഴിക്കോട് ശ്രീരാമകൃഷ്ണാ മിഷൻ ഹൈസ്കൂളിൽ അദ്ധ്യാപകനായി ചേർന്നു. 1982 ൽ അദ്ധ്യാപനരംഗത്തുനിന്ന് വിരമിച്ചു. 1987-ൽ സ്വദേശമായ വലപ്പാട്ടേക്ക് തിരിച്ചുപോകുകയും തൃശ്ശൂരിൽ സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തു.

കുഞ്ചൻ നമ്പ്യാരുടെ ഭാഷാശാസ്ത്രമാണ് കുഞ്ഞുണ്ണിമാഷിനെ ഏറെ സ്വാധീനിച്ചത്. കുട്ടിക്കാലത്ത് ഏറേയും വായിച്ചത് കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികളായിരുന്നു.സ്കൂൾ വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് തുള്ളൽക്കഥകൾ എഴുതി സ്വയം അവതരിപ്പിച്ചിരുന്നു.പത്താം തരം കഴിഞ്ഞ സമയത്ത് യുഗപ്രപഞ്ചം എന്ന തുള്ളലെഴുതി കവിയായി അറിയപ്പെട്ടുതുടങ്ങി.

## കുഞ്ഞുണ്ണിക്കവിതകൾ

മലയാള കവിതയിൽ വ്യതിരിക്തമായ ഒരു ശൈലി അവതരിപ്പിച്ച കവിയാണ് കുഞ്ഞുണ്ണി. ഹ്രസ്വവും ചടുലവുമായ കവിതകളിലൂടെയാണ് ഈ കവി ശ്രദ്ധേയനാകുന്നത്. അലങ്കാരസമൃദ്ധമായ കാവ്യശൈലിയിൽ നിന്ന് മാറി ഋജുവും കാര്യമാത്രപ്രസക്തവുമായ കവിതാരീതിയാണ് ഇദ്ദേഹം അവതരിപ്പിച്ചത്.ദാർശനികമായ ചായ്‌വ് പ്രകടമാക്കുന്നവയാണ് ഇദ്ദേഹത്തിന്റെ കവിതകൾ. ഉപഹാസപരതയും ആത്മവിമർശനവും ചേർന്ന കവിതകൾ മുതിർന്നവരെയും കുട്ടികളെയും ഒരുപോലെ ആകർഷിച്ചു. ആധുനിക കവിതയുടെ ആദ്യകാല സമാഹാരമായ കാൽശതം കുഞ്ഞുണ്ണി എന്ന പേരിൽ സമാഹരിക്കപ്പെട്ട ഇരുപത്തിയഞ്ച് കവിതകൾ സമകാലീനരായ മറ്റു കവികളുടേതിൽ നിന്നും ഭാവുകത്വപരമായ അന്തരം വ്യക്തമാക്കുന്നവയായിരുന്നു. ഈരടികൾ മുതൽ നാലുവരികൾ വരെയുള്ളവയാണ് കുഞ്ഞുണ്ണിക്കവിതകളിൽ ഏറെയും. ആദ്യകാല കവിതകൾ ഇവയെ അപേക്ഷിച്ച് ദൈർഘ്യമുള്ളവയാണ്. എന്നാൽ കാല്പനികമായ ഭാവചപലതയോട് പിണങ്ങി നില്ക്കുന്ന സ്വഭാവസവിശേഷത ആ ഘട്ടത്തിൽത്തന്നെ പ്രകടമായിരുന്നു. രൂപപരമായ ഹ്രസ്വതയെ മുൻ നിറുത്തി ജപ്പാനിലെ ഹൈക്കു കവിതകളോട് കുഞ്ഞുണ്ണിക്കവിതകളെ സാദൃശ്യപ്പെടുത്താറുണ്ട്. അദ്ദേഹത്തിന്റെ ആത്മകഥയായ ‘എന്നിലൂടെ‘ അതിന്റെ ലാളിത്യത്തിനും ചാരുതയ്ക്കും നർമ്മബോധത്തിനും പ്രശസ്തമാണ്.

## സാഹിത്യ ജീവിതം

മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ബാലപംക്തിയിൽ കുട്ടേട്ടൻ എന്ന പേരിൽ എഴുതിയിരുന്നു. എഴുതിത്തുടങ്ങുന്നവർക്ക് വഴികാട്ടിയായി അദ്ദേഹം നല്കിയ നിർദ്ദേശങ്ങൾ വളരെ വിലപ്പെട്ടതായി ഞങ്ങൾ കാണുന്നു. മലയാളത്തിലെ പല

എഴുത്തുകാരെയും കൈപിടിച്ച് വളർത്തിക്കൊണ്ടുവന്നത് കുഞ്ഞുണ്ണിമാഷാണ്.

ഭാഷാശുദ്ധി കുഞ്ഞുണ്ണിമാഷുടെ പ്രധാനപ്പെട്ട പരിഗണനയായിരുന്നു. എങ്ങനെ ലളിതവും വ്യക്തവുമായ ഭാഷയിൽ എഴുതാം എന്നു വ്യക്തമാക്കുന്ന മാഷുടെ കുറിപ്പുകൾ കുട്ടികൃഷ്ണമാരാരുടെ മലയാള ശൈലിയോട് ചേർത്തു വെക്കാവുന്നവയാണ്. പഴഞ്ചൊല്ല് , കടങ്കഥകൾ എന്നിവയിൽ പ്രകടമാകുന്ന ഭാഷാസ്വരൂപവും കാവ്യഭാവനയും അദ്ദേഹം എടുത്തുകാട്ടി. നമ്പൂതിരിഭാഷയും ഫലിതവും മാഷ് പഠനവിധേയമാക്കിയ മറ്റൊരു വിഷയമാണ്.

കുഞ്ഞുണ്ണിക്കവിതകളും ബാലകവിതകളും വേർതിരിയുന്ന അതിർവരമ്പ് നേർത്തതാണ്. അതിനാൽ അദ്ദേഹത്തെ പലപ്പോഴും ബാലസാഹിത്യകാരനായാണ് പരിഗണിക്കപ്പെട്ടത്. ബാലസാഹിത്യം അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പ്രവർത്തനരംഗവുമായിരുന്നു. വലപ്പാടുള്ള അതിയാരത്തുവീട്ടിൽ കുട്ടികൾ മാഷെ തേടിയെത്തുക പതിവായിരുന്നു. കുട്ടികളുമായി സല്ലപിക്കുകയും അവരുടെ സംശയങ്ങൾക്ക് മറുപടി നല്കുകയും ചെയ്യുന്ന ഒരു അപ്പൂപ്പനായി വാർദ്ധക്യകാലത്ത് അദ്ദേഹം കഴിഞ്ഞു. പോസ്റ്റു കാർഡുകളിൽ കുട്ടികളുടെ കത്തുകൾക്കു മറുപടിയും കുട്ടികളുടെ സാഹിത്യ സൃഷ്ടികൾക്കു തിരുത്തലുകളും അദ്ദേഹം അയച്ചു.

തന്റെ പൊക്കമില്ലായ്മയെ കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു.

**പൊക്കമില്ലായ്മയാണെന്റെ പൊക്കം.**

## മരണം

കുഞ്ഞുണ്ണിമാഷ് തന്റെ വലപ്പാടുള്ള തറവാടിൽ 2006 മാർച്ച് 26-ന് അന്തരിച്ചു. അവിവാഹിതനായിരുന്നു അദ്ദേഹം.


DCBOOKS
വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും
കുഞ്ഞുണ്ണിമാഷ്

നന്ദന പി
ക്ളാസ് 9

# ദേശീയ ഗണിതശാസ്ത്ര ദിനം – ഡിസംബർ 22



ആധുനികഭാരതത്തിലെ ഏറ്റവും പ്രതിഭാശാലിയായ ഗണിതശാസ്ത്രജ്ഞനായി വിലയിരുത്തപ്പെടുന്ന ആളാണ് **ശ്രീനിവാസ രാമാനുജൻ അയ്യങ്കാർ** എന്ന **ശ്രീനിവാസ രാമാനുജൻ** (1887 ഡിസംബർ 22 – 1920 ഏപ്രിൽ 26). ശുദ്ധഗണിതത്തിൽ കാര്യമായ വിദഗ്ധശിക്ഷണം ലഭിക്കാതിരുന്നിട്ടും സ്വപ്രയത്നത്തിലൂടെ ഗണിത വിശകലനം, സംഖ്യാസിദ്ധാന്തം, അനന്തശ്രേണി, തുടർച്ചാഭിന്നകങ്ങൾ തുടങ്ങിയ ഗണിതശാസ്ത്രമേഖലകളിൽ വിലപ്പെട്ട സംഭാവനകൾ നൽകി. രാമാനുജന്റെ ഗുരുവായിരുന്ന ഇംഗ്ലീഷ് ഗണിതജ്ഞൻ ജി.എച്ച്. ഹാർഡിയുടെ അഭിപ്രായത്തിൽ ഗോസ്, ഓയിലർ, കോഷി, ന്യൂട്ടൺ, ആർക്കിമിഡീസ് തുടങ്ങിയ വിശ്രുതഗണിതജ്ഞരുടെ നിരയിലുൾപ്പെടുത്താവുന്ന പ്രതിഭയായിരുന്നു അദ്ദേഹം. രാമാനുജന്റെ 125-ആം ജന്മവാർഷികത്തിന്റെ ഓർമ്മയ്ക്കായി 2012 ദേശീയ ഗണിതശാസ്ത്ര വർഷമായി പ്രഖ്യാപിച്ചിരിന്നു.തുടർന്നുള്ള എല്ലാ വർഷവും ഡിസംബർ-22 ദേശീയ ഗണിതശാസ്ത്ര ദിനമായി ആചരിച്ചു വരുന്നു.

അകേഷ് എ
ക്ളാസ് 10

# സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനം- സെപ്റ്റംബർ മൂന്നാം ശനിയാഴ്ച:

സോഫ്റ്റ്‌വെയറുകളുമായി ബന്ധപ്പെട്ട ലോകവ്യാപകമായ ആഘോഷമാണ് **സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനം**. വീട്, വിദ്യാഭ്യാസം, വാണിജ്യം, ഭരണനിർവ്വഹണം തുടങ്ങി എല്ലാമേഖലകളിലും നിലവാരമുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന്റെ ഗുണഫലങ്ങളെപ്പറ്റിയും നന്മയെപ്പറ്റിയും ലോകജനതയെ ബോധവൽക്കരിക്കുകയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം.

സോഫ്റ്റ്‌വെയർ ഫ്രീഡം ഇന്റർനാഷണൽ എന്ന ലാഭരഹിത സംഘടനയാണ് ലോകമെമ്പാടും നടക്കുന്ന സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ (SFD) ചുക്കാൻ പിടിക്കുന്നത്. ഈ സംഘടന സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യദിനാഘോഷങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും അത് നടത്തുന്നതിനുള്ള പിന്തുണയും വിവിധ സംഘടനകളുടെ ഏകോപനവും നടത്തുന്നു. എന്നാൽ വിവിധ രാജ്യങ്ങളിൽ അനവധി സന്നദ്ധസംഘടനകളും പ്രസ്ഥാനങ്ങളും അവരവരുടെ നിലയിൽ പ്രാദേശിക സോഫ്റ്റ്‌വെയർ ദിനാചരണങ്ങൾ അതത് സമൂഹങ്ങളിൽ സംഘടിപ്പിക്കുന്നുമുണ്ട്. 2004 -ൽ ആദ്യമായി സംഘടിപ്പിച്ചപ്പോൾ ആഗസ്റ്റ് 28 നാണ് സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനം ആഘോഷിച്ചതെങ്കിലും 2006 മുതൽ എല്ലാവർഷവും സെപ്റ്റംബർ മാസത്തിലെ 3-ആം ശനിയാഴ്ചയാണ് ഇത് ആഘോഷിച്ചുവരുന്നത്.

രഞ്ജിത്ത് ആർ

# ദശപുഷ്പങ്ങൾ



- മുക്കുറ്റി
- തിരുതാളി
- കറുക
- മുയൽ ചെവിയൻ
- നിലപ്പന
- വിഷ്ണുക്രാന്തി
- ചെറൂള
- ഉഴിഞ്ഞ
- കയ്യോന്നി
- പൂവാങ്കുറുന്തൽ




ശ്രീലക്ഷ്മി എസ്

ക്ലാസ് 9

# കടംകഥകൾ

*മലയിൽ വാഴ നട്ടു കടലിൽ വേരിറങ്ങി? -സൂര്യൻ*

*മുളയിലുണ്ട് പുല്ലിലില്ല*
*കളിയില്ല തത്തയിലുണ്ട്*
*ശശിയിലുണ്ട് ചന്ദ്രനിലില്ല*

*മൂന്നക്ഷരമുള്ള ഞാനാര്? -മുത്തശ്ശി*

*പുറം പരപര അകം മിനുമിനു? -ചക്ക*

*പാൽക്കിണ്ണത്തിൽ പളുങ്കുമണി? -കണ്ണ്*

*കറുത്ത മതിലിന് നാല് കാല്? -ആന*

*ഇല പായ പോലെ തടി തൂണുപോലെ? -വാഴ*

*അരിപിരി അരിപിരി അരിപിരി വല്ലി*
*വല്ലി വല്ലിയിലായിരം പല്ലിമുട്ട? -കുരുമുളക്*

*അപ്പം പോലെ ഒരു ഉണ്ട,*
*അല്പം മാത്രം തല? -ആമ*

*ഓടി നടക്കും തീയുണ്ട? -മിന്നാമിനുങ്ങ്*

*അഖില സുനിൽ*
*ക്ളാസ് 10*

# ചെറുകഥ

## നുണയൻകുട്ടി

ആടുകളെ മേയ്ക്കുന്ന ഒരു കുട്ടി ഉണ്ടായിരുന്നു. ഒരുപറ്റം ആടുകളെയും മേച്ചുകൊണ്ട് മലയോരത്തുള്ള കുറ്റിക്കാടുകളിൽ അവൻ അങ്ങനെ നടക്കും. ഒരു ദിവസം അവന് ഒരു കുസൃതി തോന്നി , തന്റെ ആടുകളെ പിടിക്കാൻ ചെന്നായ് വരുന്നതായി ഭാവിച്ചു മുറവിളികൂട്ടണമെന്ന്. അവൻ ഉച്ചത്തിൽ വിളിച്ചു.'അയ്യോ! അയ്യോ! ചെന്നായ് വരുന്നേ! ചെന്നായ് വരുന്നേ!' കുട്ടിയുടെ നിലവിളികേട്ട് സമീപത്തുള്ള ഗ്രാമത്തിലെ ജനങ്ങൾ ഉലക്ക,വടി മുതലായ ആയുധങ്ങളുമായി ഓടിയെത്തി . എന്നാൽ, അവർ കണ്ടത് തങ്ങളെ വിഡ്ഢികളാക്കിയ ഇടയച്ചെറുക്കനെയാണ്. ആളു-കളെ പറ്റിച്ചു എന്ന ഭാവിത്തിൽ അവൻ അങ്ങനെ ചിരിച്ചുരസിച്ചു നില്ക്കുന്നു. ആളുകൾ വന്നവഴിയേ പോയി. പിറ്റേദിവസവും കുട്ടി' ചെന്നായ് വരുന്നേ! ചെന്നായ് വരുന്നേ!' എന്നു വിളിച്ചു. അപ്പോഴും വടി , തടി ആയുധങ്ങുമായി ആളുകൾ ഓടിക്കൂടി. കുട്ടി തങ്ങളെ പറ്റിക്കുകയായിരുന്നു എന്നു മനസ്സിലാക്കി അവർ തിരിച്ചുപോയി. മൂന്നാം ദിവസവും ഇതാവർത്തിച്ചു.

എന്നാൽ നാലാം ദിവസം വാസ്-തവമായും ചെന്നായ് വന്നു. കുട്ടികിടന്നു നിലവിളിച്ചു.' ഓടി വരണേ! ഓടിവരണേ! രക്ഷിക്കണേ!'

ആളുകൾ ഇതുകേട്ടു. പക്ഷേ,അവരതു കാര്യമാക്കിയില്ല. കുട്ടി തങ്ങളെ കബളിപ്പിക്കുകയാണെന്ന് അവർ വിചാരിച്ചു. ചെന്നായ് വന്നു . ആരെയും പേടിക്കാനില്ലെന്നു കണ്ടു. നുണയൻകുട്ടിയുടെ ആട്ടിൻപററത്തെ ഒന്നൊന്നായി പിടിച്ചുതിന്നുകയും ചെയ്തു.

മേഘ എസ്

ക്ളാസ് 9

# പഴഞ്ചൊല്ലുകൾ!!!

1. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും!
2. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട!
3. മുറ്റത്തെമുല്ലക്ക് മണമില്ല!
4. നാടോടുമ്പോൾ നടുവേ ഓടണം!
5. പണത്തിനു മേലെ പരുന്തും പറക്കില്ല!
6. ആനകൊടുത്താലുംആശകൊടുക്കരുത്!
7. ഉപ്പ്തിന്നുന്നവൻ വെള്ളം കുടിക്കും!
8 എല്ല്മുറിയേ പണിതാൽ പല്ല്മുറിയേ തിന്നാം!
9. ഒരുമയുണ്ടങ്കിൽ ഉലക്കപ്പുറത്തും കിടക്കാം!
10. കുന്തം പൊയാൽ കുളത്തില്ലും തപ്പണം!

ആകാശ് പി

ക്ളാസ്9

# കുസൃതിചോദ്യങ്ങൾ

1. വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു -നിഴൽ
2. താമസിക്കാൻ പറ്റാത്ത വീട് -ചീവീട്
3. ആരും ആഗ്രഹിക്കാത്ത പണം -ആരോപണം
4. മുകളിലേക്ക് പോയാൽ താഴേക്ക് വരാത്തത് -വയസ്സ്
5. റോഡിലൂടെ ദിവസവും വണ്ടി ഓടുന്നത് എന്തുകൊണ്ട് -ചക്രംകൊണ്ട്
6. ENGLISH ലെ അവസാനത്തെ അക്ഷരം -H
7. തേനീച്ച മൂളുന്നതെന്തുകൊണ്ട് -അതിന് സംസാരിക്കാൻപറ്റാത്തതുകൊണ്ട്
8. വെട്ടും തോറും നീളം കൂടുന്ന വസ്തു -വഴി
9. വാഹനങ്ങളുമായി ബന്ധപ്പെട്ട നൃത്തരൂപം -ബ്രേക്ക്ഡാൻസ്

അനന്തു ആർ
ക്ലാസ് 9

# ലിറ്റിൽ കൈറ്റ്സ്

## ഏകദിനപരിശീലനം

**2018 June 6**

**സ്പെഷ്യൽ റിപ്പോർട്ട്**

*6.6.2018 ബുധനാഴ്ച ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി ഒരു ലളിതമായ ക്ലാസ് നടക്കുകയും സുനിൽ സാറിന്റെയും രാകേഷ് സാറിന്റെയും ദീപ ടീച്ചറിന്റെയും നേതൃത്വത്തിൽ കുറേ കാര്യ ങ്ങൾ പറഞ്ഞുതരുകയും ചെയ്തു. ആദ്യ സെക്ഷ ന്റെ ഭാഗമായി കുട്ടികളെ ഓരോ ഡിജിറ്റൽ ഉപകരണങ്ങളുടെ പേരുകളിൽ ഗ്രൂപ്പുകളാക്കു യും ഒന്നിലധികം ഉപകരണങ്ങളുടെ ചിത്രമുള്ള ഒരു വീഡിയോ പ്രൊജക്ടറിന്റെ സഹായ- ത്തോടെ പ്രദർശിപ്പിക്കുകയും ചെയ്തു. ലാപ്ടോ- പ്പ്, ടാബ്, പ്രിന്റർ, സ്കാനർ, പ്രൊജക്ടർ, കമ്പ്യൂട്ടർ എന്നീ 6 ഗ്രൂപ്പുകളാക്കി ആയിരുന്നു ആദ്യ - മൽസരം. ആ വീഡിയോയിൽ പ്രദർശിപ്പിച്ച ചിത്രങ്ങളിലെ ഉപകരണങ്ങളുടെ പേരുകൾ എഴുതുകയും പ്രയോജനങ്ങൾ എഴുതുകയും ചെയ്യണം.30 തിൽ കൂടുതൽ ഉപകരണങ്ങളുടെ പേരുകൾ എഴുതിയ ഗ്രൂപ്പിനായിരുന്നു ആദ്യ സെക്ഷനിൽ ഉയർന്ന മാർക്ക് നേടിയത്. രണ്ടാം സെക്ഷനിൽ ഓരോ ഗ്രൂപ്പിനും ഓരോ ലാപ്ടോപ്പ് വീതം നൽകുകയും 3 ഗെയിമുകൾ തന്നിട്ട് അത് എങ്ങനെനിർമിക്കാം എന്നും എങ്ങനെ കളിക്കാം എന്നും പറഞ്ഞു തന്നു. ഒന്നാമത്തെ ഗെയിം കളിക്കുകയും അതിൽ 18 സ്കോർ നേടിയ ലാപ്ടോപ് എന്ന ഗ്രൂപ്പിനാണ് രണ്ടാമത്തെ സെക്ഷനിൽ സ്കോർ*

ലഭിച്ചത്.
രണ്ടാമത്തെ സെക്ഷനിലെ രണ്ടാമത്തെ
ഗെയിമിലും ലാപ്ടോപ് എന്ന ഗ്രൂപ്പിനാണ്
സ്കോർ ലഭിച്ചത്.ഇവർക്ക് 46 പോയിന്റ് ലഭിച്ചു.
3 മത്തെ ഗെയിം കളിക്കാൻ തയ്യാറായിരുന്ന
ഞങ്ങളോട് സാർ പറഞ്ഞു മൂന്നാമത്തെ ഗെയിംകളിക്കാനല്ല
നിർമിക്കാനാണെന്ന്.6 ഗ്രൂപ്പുകളാക്കിതിരിച്ചിരുന്ന ഞങ്ങളെ പിന്നീട് 3 ഗ്രൂപ്പുകൾ
ചേർന്നുള്ള 2 ടീമുകളായ് ആയിരുന്നു മൽസരം.
അത് ഒരു വീഡിയോയുടെ സഹായത്തോടെ-
ആയിരുന്നു.അതിൽ ലിറ്റിൽ കൈറ്റ്സ് എന്താ
ണെന്നും ഹൈടെക് എന്താണെന്നും ആയിരു-
ന്നു.ധാരാളം വിവരങ്ങൾ നിറഞ്ഞതായിരുന്നു
ആ വീഡിയോ.ഈ കാര്യങ്ങൾ ചോദ്യരൂപ-
ത്തിൽ എതിർ ടീമിനോട് ചോദിക്കുകയും,
അവർ തിരിച്ച് ചോദിക്കുകയുമായിരുന്നു ഈ
സെക്ഷനിൽ.നാലാമത്തെ സെക്ഷനിൽ
മൊബൈൽ ആപ്പ് നിർമാണത്തെ കുറിച്ചും
ആയിരുന്നു.പിന്നീട് ഈ ലിറ്റിൽ കൈറ്റ്സി-
നേയും ഹൈടെകിനേയും പറ്റിയുള്ള വിവരങ്ങ-
ൾ ഒരു സ്കൂളിലെ 20 to 40 വരെയുള്ള കുട്ടികൾ-
ക്ക് ഇതിൽ അംഗമാകാം.എട്ടാം ക്ലാസ്സിന്
അംഗത്വം,ഒൻപതാം ക്ലാസ്സിന് പരിശീലനം,
പത്താം ക്ലാസ്സിന് അസൈൻമെന്റുകളുമാണ്
മാസത്തിൽ നാലുമണിക്കൂർ സ്കൂളിലും ബുധനാഴ്ച
നാലു മണി മുതൽ അഞ്ച് മണി വരെയും മാസത്തിൽ ഒരു ദിവസം വിദഗ്തരുടെ
ക്ലാസുകളും ഒരു ശനിയാഴ്ച അല്ലെങ്കിൽ അവധി
ദിവസങ്ങളിലുമായിരിക്കും മറ്റു ക്ലാസ്സുകൾ
നടക്കുന്നത്. ക്യാമ്പുകൾ നടക്കുന്നത്
ഉപജില്ലാ ക്യമ്പ് ഓണക്കാല അവധിക്കും
ജില്ലാതല ക്യമ്പ് നടക്കുന്നത് ക്രിസ്തുമസ് അവധിക്കും സംസ്ഥാനതല ക്യമ്പ്

ജനുവരിയിലുമാണ് നടക്കുന്നത്.മൊബൈൽ ഫോൺ
ആപ്പ് നിർമാണം,ഗ്രാഫിക്സ് ഡിസൈൻ,സൈ-
ബർ സുരക്ഷ,ആനിമേഷൻ,തുടങ്ങിയ പഠനമേ-
ഖലകളിൽ പരിശീലനം ചെയ്യുകയും ചെയ്യുന്നു.

അഖിലാസുനിൽ
ക്ലാസ്9

## ലിറ്റിൽകൈറ്റ്സ് ഏകദിന പരിശീലനം - 2018 ജൂൺ 6 : ചിത്രങ്ങൾ























# ഈശ്വര പ്രാർത്ഥന

ഈശ്വരാകൈക്കൂപ്പിനിൽപ്പൂഞാൻനിൻമുന്നിൽ
ഈറനണിഞ്ഞമിഴികളോടെ......
കാരുണ്യമെന്നിൽ ചൊരിയണേഭൂവിനു കാരണമായുള്ള
തമ്പുരാനെ.....

(ഈശ്വരാ)

അച്ഛനു അമ്മയും എന്തുപറഞ്ഞാലും അക്ഷരം തെറ്റാതനുസരിച്ചും...
ഉള്ളിൽ വെളിച്ചം പകരും ഗുരുവിനെ ഉൺമയിൽ സ്നേഹിച്ചങ്ങാതരിച്ചും,
കൂടെപ്പടിക്കുന്ന കുട്ടികളേ സ്വന്തം കൂടപ്പിറപ്പുകളായി നിനച്ചും...
മാതൃഭൂമിക്കായി ജീവൻത്യജിച്ചോരെ മാതൃകയായിട്ടങ്ങിനുകരിച്ചും,
ഓരോരോഅണുവിലുംദേവാനിൻചൈതന്യം
കാണാൻകഴിഞ്ഞെങ്ങതിലയിച്ചും...

(ഈശ്വരാ)

പൂജ പി
ക്ലാസ് 6

# Another chance

-Helen steiner rice

How often we wish for another chance
To  make a fresh beginning.
A chance to blot out our mistakes
And change failure into winning.

It does not take a new day
To make a brand new start,
It only takes a deep desire
To try with all our heart

To live a little better
And to always be forgiving
And to add a little sunshine
To the word in which we're living.

So never give up despair
And think that you are through,
For there's always a tomorrow
And the hope of starting new.

ഫിദഫാത്തിമ എസ്

ക്ളാസ് 9

# ഒരു മുത്തശ്ശി മരം

*ഒരിടത്ത് ഒരു മുത്തശ്ശി മരം ഉണ്ടായിരുന്നു . ആ മുത്തശ്ശി മരത്തിൻറെ പിറന്നാളായിരുന്നു ആ ദിവസം . അന്ന് ആ മുത്തശ്ശിമരം വളരെ സന്തോഷത്തിലായിരുന്നു . ആ മരം വളരെ മനോഹരമായി ഒരുക്കി ബലൂണുകൾ തോരണങ്ങളും ഉണ്ടായിരുന്നു . കുറെ ദിവസം കഴിഞ്ഞു ആ മുത്തശ്ശി മരം വെട്ടാൻ ആളുകൾ വന്നു അത് ആ കുട്ടി കണ്ടു അപ്പോൾ ആ കുട്ടികൾ വന്നവരോട് പറഞ്ഞു ആ മരം വെട്ടരുത് അത് നിങ്ങൾക്ക് ദോഷമേ വരൂ എന്നാൽ ഒന്ന് കാണാതെ അത് അവരെ വെട്ടാൻ തുടങ്ങി അപ്പോൾ തന്നെ സമര അവിടെ നിന്ന് അപ്രത്യക്ഷമായി അവർ അത്ഭുതപ്പെട്ടു അവർ അത്ഭുതപ്പെട്ടുപോയി അവർ അവിടം വിട്ടുപോയി പിന്നീട് ആരും ആ മുത്തശ്ശി മരം വെട്ടാൻ വന്നിട്ടില്ല*

*ശ്രീലക്ഷ്മി എസ്*
*ക്ളാസ് 9*

# ഒരു മഴക്കഥ

കാറ്റ് മഴയെ അറിയുന്നു- മഴയെ മാത്രം.
കാറ്റിനും മഴക്കുമിടയിലുള്ള
കാണാച്ചരടുകൾ. കാറ്റിന്റെ കണ്ണുൻപിൽ-
പിന്ചെല്ലാൻ കൊതിക്കുന്ന മഴയുടെ
നനഞ്ഞ കാൽപ്പാടുകൾ,
ഒപ്പമെത്താൻ കൊതിക്കുന്ന
മഴയിൽ കുതിർന്ന യാത്രാവേളകൾ,
തൊട്ട് നെറുകയിൽ ചേർക്കാൻ വെമ്പുന്ന,
മഴ ചെരുപ്പഴിച്ചിട്ട നിന്ന മണ്ണ്.
കാറ്റിന്റെ കാതുകൾക്കരികിൽ-
മഴയുടെ പതിഞ്ഞ ഇരമ്പം.
കാറ്റിന്റെ ശ്വാസഗതിയിൽ-
മഴയ്ക്ക് പാലപ്പൂ മണം.

ജനൽപ്പാളി ഒളിപ്പിച്ചാലും
ജനല്ലമ്പി വിലക്കിയാലും
ജനലിന്നിപ്പുറം മറഞ്ഞിരുന്നാലും
കാറ്റിനെ നനയ്ക്കുന്ന മഴ.

കാണാൻ കൊതിക്കവേ
കാറ്റിന്റെ പ്രാർത്ഥനകളിൽ,
ഒരുപാടിഷ്ടമുള്ള ഈണം പോലെ
അലിവോടെ, അരുമയായി
പെയ്ത് ഓടിയെത്തുന്ന മഴ.

മരുവിലും കാറ്റിനെ
നനവുള്ള ഓർമയായി,
സുഖസ്പർശമായി മോടിയാക്കുന്ന
മഴ.

ഉന്മാദത്തോളം എത്തുന്ന
അത്യഗാധതകളുടെ വക്കിൽ നിന്നും

കാറ്റിനെ കൈ പിടിച്ച
പ്രശാന്തമായ സമതലങ്ങളിലേക്ക്
ആനയിക്കുന്ന മഴ.

നിനച്ചിരിക്കാതൊരുനാൾ
കാറ്റിന്റെ കൈ കുടഞ്ഞെറിഞ്ഞു
കാണാ മറയത്തേക്ക്
നടന്നകന്ന മഴ.

ഏതൊക്കെയോ താഴ്വരകളിൽ
മഴയെ തേടി തളർന്നു ഉഴറി,
കണ്ണ് നിറച്ച്,
നൂല് വിട്ട പട്ടമായി
കാറ്റ്.
കിതച്ചലഞ്ഞു തിരഞ്ഞ കുന്നിന്പുറങ്ങളിൽ
മറുവിളി കേൾക്കാതെ
വട്ടം ചുറ്റുന്ന
കാറ്റിന്റെ നിലവിളി.
മനസ്സിടിഞ്ഞു കുന്നിറങ്ങവേ
കാറ്റിന്റെ കുടക്കീഴിലേക്ക്
തീരെ അപ്രതീക്ഷിതമായി
ഓടിക്കയറുന്ന മഴ.
പ്രാർത്ഥന കേട്ടലിഞ്ഞ ദൈവങ്ങൾ
മഴയെ കാറ്റിന് കൊടുത്തതാവണം.
മഴയും കാറ്റും ഒന്നായി,
മഴ മാത്രമായി,
ആർത്തു തിമിർത്തു പെയ്യ്ത്
കുന്നിറങ്ങി വരുന്ന കാഴ്ച-
ഏതോ നൃത്ത സന്ധ്യയിലെ
ചടുലമായ
ശിവ-ശക്തി നൃത്തം പോലെ.

അനുഗ്രഹ എ

ക്ലാസ് 9

